(സി) ഇവയിൽ വ്യവസായസംഘങ്ങളിൽ ഓരോന്നിലും സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നിലവിലുള്ള ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവ ഏകീകരിക്കുന്നതിനും ക്ഷീരവ്യവസായ സംഘം ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനവും ആനുകൂല്യങ്ങളും ലഭിക്കും എന്ന് ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊടുങ്ങല്ലൂരിൽ അഞ്ചും ഇരിങ്ങാലക്കുടയിൽ ഒൻപതും ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കൊടുങ്ങല്ലൂരിൽ 2 വ്യവസായ സംഘങ്ങളും 3 ആനന്ദ് മാതൃകാ സഹകരണ സംഘങ്ങളും (ആപ്കോസ്) ഇരിങ്ങാലക്കുടയിൽ 3 വ്യവസായ സംഘങ്ങളും 6 ആനന്ദ് മാതൃകാ സഹകരണസംഘങ്ങളും (ആപ്കോസ്) പ്രവർത്തിച്ചുവരുന്നു.

(സി) വിവരങ്ങൾ ഉടനെ ലഭ്യമല്ല. വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ആനന്ദ് മാതൃകയിലുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെപ്പറ്റി പഠിച്ച് പരിഷ്കാരം നിർദ്ദേശിക്കുവാൻ മിൽമാ മാനേജിംഗ് ഡയറക്ടർ ചെയർമാനും മൂന്ന് മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർ അംഗങ്ങളുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ഈ സമിതി നൽകിയ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

111 (2297) കെ.എൽ.ഡി. ബോർഡിലെ ജനറൽ മാനേജർക്ക് വേണ്ട യോഗ്യത

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി. ബോർഡിൽ ജനറൽ മാനേജരായി നിയമിക്കുപ്പെടുന്നതിന് ബോർഡിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം എന്തൊക്കെ യോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വ്യവസ്ഥകൾക്ക് വിരുദ്ധമായി ആരെയെങ്കിലും ജനറൽ മാനേജരായി നിയമിക്കുകയും, പ്രസ്തുത നിയമനം അക്കൗണ്ടന്റ് ജനറലിന്റെ ഒബ്ജക്ഷന് ഇടയാകുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത വ്യക്തി സർവ്വീസിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത വകുപ്പിന്റെ സ്പെഷ്യൽ റൂൾസിന് ഇളവ് അനുവദിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത നിയമനത്തിനു വേണ്ടി സ്പെഷ്യൽ റൂൾസിൽ ഇളവ് അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഐ.എ.എസ്. ഓഫീസറുടെ സേവനം മാനേജിംഗ് ഡയറക്റുടെ തസ്തികയിൽ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാമോ?

ഉത്തരം

(എ) ജനറൽ മാനേജർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യതകൾ താഴെ പറയുന്നു.

പ്രൊമോഷൻ മുഖേനെ

1) ഫീഡർ കാറ്റഗറിയിൽ 2 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം

2) മൊത്തം 20 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം.

നേരിട്ടുള്ള നിയമനം വഴി

1) ഒരു അംഗീകൃത സർവകലാശാലയിൽനിന്നും നേടിയിട്ടുള്ള വെറ്ററിനറി അനിമൽ സയൻസ് ബിരുദം.

(2) അനിമൽ സയൻസിലെ ഏതെങ്കിലുമൊരു ശാഖയിൽ ബിരുദാനന്തര ബിരുദം.

(3) കാലികളുടെ പ്രജനനം സംബന്ധിച്ച് 10 വർഷത്തിൽ കുറയാത്ത ഗവേഷണ പരിചയം.

(4) ഡോക്ടറേറ്റ് ഡിഗ്രിയുണ്ടെങ്കിൽ മുൻഗണനയ്ക്ക് അർഹത ഉണ്ടായിരിക്കും.

(ബി)-(എഫ്) വ്യവസ്ഥകൾക്ക് വിരുദ്ധമായി ആരെയും നിയമിച്ചിട്ടില്ല. എന്നാൽ അക്കൗണ്ട്സ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ മറ്റു ചില കാര്യങ്ങളോടൊപ്പം ഡോ. സി.ടി. ചാക്കോയേയും ഡോ. രാമചന്ദ്രൻ ഉണ്ണിത്താനെയും ജനറൽ മാനേജർമാരായി നിയമിച്ചത് സംബന്ധിച്ച് താഴെ പറയുന്ന പരാമർശം ഉണ്ടായിരുന്നു.

1). ഡോ. സി.ടി. ചാക്കോയ്ക്ക് ഫീഡർ കാറ്റഗറിയിൽ ഒരു കൊല്ലവും 8 മാസവും ഡോ. രാമചന്ദ്രൻ ഉണ്ണിത്താന് 8 മാസവും സർവ്വീസേ ഉള്ളൂ.

2) ഡോ. രാമചന്ദ്രൻ ഉണ്ണിത്താന് മൊത്തം സേവന ദൈർഘ്യം 20 കൊല്ലത്തിൽ കുറവാണ്.

ഡോ. രാമചന്ദ്രൻ ഉണ്ണിത്താന്റെ സേവന ദൈർഘ്യത്തെ സംബന്ധിച്ച പരാമർശം ശരിയല്ല. അദ്ദേഹത്തിന് നിയമനസമയത്ത് 22 കൊല്ലത്തിലേറെ സേവന ദൈർഘ്യം ഉണ്ടായിരുന്നു. മറ്റുവിധത്തിൽ യോഗ്യതയുള്ള ആളാണെങ്കിൽ, ഫീഡർ കാറ്റഗറിയിലെ സേവന ദൈർഘ്യം നിർബന്ധിതമാക്കാതെ ജനറൽ മാനേജരായി നിയമിക്കേണ്ടിവന്നിട്ടുണ്ട്. സ്റ്റാഫ് റൂൾസ് ആന്റ് റഗുലേഷൻസിലെ റഗുലേഷൻ 7 പ്രകാരം ഇതനുവദിക്കുവാൻ ബോർഡിന് അധികാരമുണ്ട്.

(ജി) 1990 വരെ ഐ.ഐ.എസ് ഉദ്യോഗസ്ഥന്മാരാണ് മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കപ്പെട്ടിരുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങൾ കണക്കിലെടുത്ത് സാങ്കേതിക പരിജ്ഞാനമുള്ളവർ വേണം എന്നു തോന്നിയതിനാലും ആവശ്യത്തിനുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ലഭ്യമല്ലാതിരുന്നതിനാലുമാണ് വെറ്ററിനറി സയൻസിൽ പ്രാവീണ്യം നേടിയവരെ നിയമിക്കുവാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly